"ആംഡ് പോലീസ് ബറ്റാലിയനിലെ എസ്.ഐ. തസ്തികയിലേക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്"

34 (2985) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആംഡ് പോലീസ് ബറ്റാലിയനിലെ എസ്.ഐ. തസ്തികയിലേക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നൽകിയോ എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര എസ്.ഐ.മാർക്കാണ് നിയമനം നൽകിയത് ;

(സി) ഇവരുടെ പരിശീലനം ആരംഭിച്ചുവോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പരിശീലനം ആരംഭിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിയമനം നൽകിയിട്ടുണ്ട്.

(ബി) രണ്ട് എസ്.ഐ.മാർക്ക്.

(സി) ഇവരുടെ പരിശീലനം സംബന്ധിച്ച നടപടികൾ നടന്നുവരികയാണ്. പരിശീലനം ആരംഭിക്കുന്ന തീയതി ഉടനേ തീരുമാനിക്കുന്നതാണ്.

എൽ.പി./യു.പി. അസിസ്റ്റന്റ് നിയമനം

35 (2987) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.പി./യു.പി. അസിസ്റ്റന്റിന്റെ റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ ഓരോ ജില്ലകളിലും എത്രപേർക്ക് നിയമനം നൽകിയെന്നും എത്രപേർക്ക് അഡ്വൈസ് മെമ്മോ നൽകിയെന്നും എത്ര ഒഴിവുകൾ ഉണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ചില ജില്ലകളിൽ ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കുന്നില്ല എന്ന കാര്യം ഗവൺമെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകാമോ ;

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) ഉണ്ട്.

(സി) നിലവിലുള്ള ഒഴിവുകളിൽ എല്ലാവിധ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് നിയമനം നടത്തുന്നതാണ്.

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

xxviii.Consultation with States (Page 79)

Agriculture is a state subject under Constitution of India. Therefore, there should be adequate prior consultations (continuous) on such vital actions such as the accession to WTO and signing of the agreement on agriculture before decisions are taken. More over such consultations could be of considerable benefit to the Central Government as the State governments are better aware and informed of the ground realities.

അനുബന്ധം VIII

[15-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 35 (2987)-ന്റെ ഉത്തരം ദയവായി കാണുക]

നമ്പർ	ജില്ല	നിയമനം നൽകിയത്	അഡ്വൈസ് മെമ്മോ നൽകിയത്	ഒഴിവുകൾ
1	തിരുവനന്തപുരം	56	212	567
2	കൊല്ലം	94	94	257
3	ആലപ്പുഴ	134	134	80
4	പത്തനംതിട്ട	18	18	78
5	കോട്ടയം	117	117	129
6	ഇടുക്കി	23	ഇല്ല	83
7	എറണാകുളം	184	200	130
8	തൃശ്ശൂർ	74	74	72
9	പാലക്കാട്	50	50	178
10	മലപ്പുറം	179	179	128
11	കോഴിക്കോട്	ഇല്ല	ഇല്ല	133
12	വയനാട്	17	ഇല്ല	38
13	കണ്ണൂർ	60	60	25
14	കാസർഗോഡ്	ഇല്ല	175	193

LIBRARY ARCHIVES Kerala Legislative Assembly